**കേരള സർക്കാർ**

**ധനകാര്യ (എഫ്.ബി.എസ് - ബി) വകുപ്പ്**

**<u>പരിപത്രം</u>**

**നം. 79/2017/ധന.** **തിരുവനന്തപുരം, തീയതി : 15.11.2017**

**വിഷയം** :- കുടുബക്ഷേമ പദ്ധതി തീർപ്പാക്കുന്ന നടപടി ക്രമം - സ്പഷ്ടീകരണം - സംബ.

**സൂചന** :- 04.05.1990 -ലെ പരിപത്രം നം. 30/90/ധന.

സർക്കാർ അനുമതി ആവശ്യമില്ലാത്ത സാഹചര്യങ്ങളിൽ, മേലധികാരികൾ കുടുംബക്ഷേമ പദ്ധതി തീർപ്പാക്കുന്ന നടപടിക്രമത്തിൽ അപാകതകൾ വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബക്ഷേമ പദ്ധതി തീർപ്പാക്കുന്ന നടപടിക്രമം സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിബന്ധനകൾ പദ്ധതി തീർപ്പാക്കുന്ന മേലധികാരികൾ കർശനമായും പാലിക്കേണ്ടതാണ്.

i. സൂപ്പർ ആന്വേഷൻ കാലയളവിന് ശേഷം സർവ്വീസിൽ തുടരുന്ന ജീവനക്കാരുടെ (അദ്ധ്യാപകരുടെ) കുടുംബക്ഷേമ പദ്ധതി തീർപ്പാക്കുമ്പോൾ സൂപ്പർ ആന്വേഷൻ തീയതി വരെ നിക്ഷേപിച്ച തുകയ്ക്കു മാത്രമേ സർക്കാർ വിഹിതം അനുവദിക്കേണ്ടതുള്ളൂ. അതിനു ശേഷം വരിസംഖ്യ അടച്ചിട്ടുണ്ടെങ്കിൽ ആയത് അധിക തുകയായി മാത്രം കണക്കാക്കേണ്ടതാണ്.

ii. കുടുംബക്ഷേമ പദ്ധതി കാലയളവ് കണക്കാക്കുമ്പോൾ ഒരു വർഷത്തിന്റെ ഭാഗമായി വരുന്ന കാലയളവിനെ പൂർണ്ണ വർഷമായി കണക്കാക്കേണ്ടതാണ്. ഉദാഹരണത്തിന് 30 വർഷവും 5 മാസവും കൃത്യമായി വരിസംഖ്യ അടച്ച ജീവനക്കാരന് സർക്കാർ വിഹിതം അനുവദിക്കുമ്പോൾ സർവ്വീസ് കാലയളവ് 31 വർഷമായി കണക്കാക്കേണ്ടതും, എന്നാൽ കുടുംബക്ഷേമ പദ്ധതിയിൽ ഒടുക്കിയിട്ടുള്ള വരിസംഖ്യയ്ക്ക് ആനുപാതികമായി മാത്രം സർക്കാർ വിഹിതം അനുവദിക്കേണ്ടതുമാണ്.

iii. മേലധികാരിക്ക് തീർപ്പാക്കാൻ കഴിയാത്ത ശിപാർശകളിൽ സർക്കാർ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം വീണ്ടും നടപടിക്രമം പുറപ്പെടുവിക്കേണ്ടതില്ല.

3) കൂടാതെ, കുടുബക്ഷേമ പദ്ധതി തീർപ്പാക്കുന്നതിനായി ശിപാർശകൾ സമർപ്പിക്കുമ്പോൾ സേവന പുസ്തകം അയക്കേണ്ട ആവശ്യമില്ല. അസ്സൽ ഓപ്ഷൻ ഫോമും, നോമിനേഷനും സേവന പുസ്തകത്തിൽ നിന്ന് വേർപ്പെടുത്തി ആയത് മാത്രം അയക്കേണ്ടതാണ്.

**ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ്**

**ധനകാര്യ സെക്രട്ടറി (എക്സ്പെൻഡിച്ചർ)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരളം, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വകുപ്പ് തലവൻമാർക്കും

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

സെക്രട്ടറി, കേരളാ പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)

രജിസ്ട്രാർ, കേരളാ ഹൈക്കോടതി, എറണാകുളം (ആമുഖക്കത്ത് സഹിതം)

രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ സർവകലാശാല (ആമുഖക്കത്ത് സഹിതം)

രജിസ്ട്രാർ, എം.ജി. സർവകലാശാല, കോട്ടയം. (ആമുഖക്കത്ത് സഹിതം)

രജിസ്ട്രാർ, സംസ്കൃത സർവകലാശാല, എറണാകുളം. (ആമുഖക്കത്ത് സഹിതം)

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ (ആമുഖക്കത്ത് സഹിതം)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖക്കത്ത് സഹിതം)

സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)

ജനറൽ മാനേജർ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം

(ആമുഖക്കത്ത് സഹിതം)

സെക്രട്ടറി, വിജിലൻസ് കമ്മീഷൻ (ആമുഖക്കത്ത് സഹിതം)

പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ,

ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ

ഗവർണ്ണറുടെ സെക്രട്ടറി

മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

സ്പീക്കറുടേയും, ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, കേരള ലോക് ആയുക്ത, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം

നോഡൽ ഓഫീസർ, www.finance.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (FBS-B2/86/2017-FIN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ